**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6784** **11-07-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്ന ശേഷം നെന്മാറ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള അയിലൂർ, നെന്മാറ, വല്ലങ്ങി എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെന്മാറ മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ എത്ര വില്ലേജ് ആഫീസുകളുടെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്ലാൻ പദ്ധതി 2023-24 ൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് എലവഞ്ചേരി വില്ലേജ് ഓഫീസിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2025 ഏപ്രിൽ മാസം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ